*നം. ഇ.എക്സ്-എ(1)/31000/2018/സി.ജി.ഇ*

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 21/01/2019.

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- പൊതുപരീക്ഷകൾ-എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2019 - സാമൂഹ്യശാസ്ത്രം പരീക്ഷ- ചോദ്യപേപ്പർ ഘടനയിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കുന്നത് -സംബന്ധിച്ച്.

സൂചന:- എസ്.സി.ഇ. ആർ.ടി. ഡയറക്ടറുടെ 15/01/2019 തീയതിയിലെ Prog.I/51/2017/SCERT നമ്പർ കത്ത്.

.........

2019 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. സാമൂഹ്യശാസ്ത്രം പരീക്ഷയുടെ ചോദ്യപേപ്പർ ഘടനയിൽ വരുത്തിയ മാറ്റങ്ങൾ സൂചന പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഈ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്. 2019 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന മുഴുവൻ കുട്ടികൾക്കും (മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നട മാധ്യമങ്ങൾ), സാമൂഹ്യശാസ്ത്ര വിഷയം പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും ഈ വിവരം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി വിശദാംശങ്ങൾ ഇതോടൊപ്പം ഉൾച്ചേർത്ത് നൽകുന്നു.

വിശ്വസ്തതയോടെ,

**സെക്രട്ടറി**

1. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ
2. എഡ്യൂക്കേഷൻ ആഫീസർ, ലക്ഷദ്വീപ്
3. വിദ്യാഭ്യാസ ഉപഡയറക്ടർമാർ

പകർപ്പ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ (ക്യൂ.ഐ.പി.), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം. (ആമുഖകത്ത് മുഖേന)
2. സിസ്റ്റം മാനേജർ (iExaMS മുഖേന പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
3. എ6- സെക്ഷൻ
3. കരുതൽ ഫയൽ

# 2019 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി
# സാമൂഹ്യശാസ്ത്രം പൊതുപരീക്ഷയിൽ വരുത്തിയ മാറ്റം

2019 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി സാമൂഹ്യശാസ്ത്രം പൊതുപരീക്ഷയിൽ വരുത്തിയ മാറ്റങ്ങൾ ചുവടെ നൽകിയിരിക്കുന്നു. സാമൂഹ്യശാസ്ത്രം - I ൽ 40 സ്കോറിനുള്ള ചോദ്യങ്ങളിൽ 'എ' 'ബി' എന്നിങ്ങനെ രണ്ട് പാർട്ടുകൾ ഉണ്ട്. പാർട്ട് – 'എ' യിൽ 20 സ്കോറും പാർട്ട് – 'ബി' യിൽ 20 സ്കോറുമാണുള്ളത്. നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് – 'എ' യിൽ നൽകിയിട്ടുള്ളത്. തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് – 'ബി' യിൽ ഉള്ളത്.

## സാമൂഹ്യശാസ്ത്രം - I

**പാർട്ട് എ – 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | അദ്ധ്യായം | വിഷയം | സ്കോർ |
|---|---|---|---|
| 1 | ബ്രിട്ടീഷ് ചൂഷണവും ചെറുത്ത് നിൽപ്പുകളും | ചരിത്രം | 4 |
| 2 | സംസ്കാരവും ദേശീയതയും | ചരിത്രം | 4 |
| 3 | സമരവും സ്വാതന്ത്ര്യവും | ചരിത്രം | 5 |
| 4 | രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും | രാഷ്ട്രതന്ത്രം | 4 |
| 5 | സമൂഹശാസ്ത്രം എന്ത് എന്തിന് | സമൂഹശാസ്ത്രം | 3 |
| | | | **20** |

**പാർട്ട് ബി – 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ<br>or<br>ലോകം ഇരുപതാം നൂറ്റാണ്ടിൽ | ചരിത്രം | 6 |
| 2 | സ്വാതന്ത്ര്യാനന്തര ഇന്ത്യ<br>or<br>കേരളം ആധുനികതയിലേക്ക് | ചരിത്രം | 6 |
| 3 | പൊതുഭരണം<br>or<br>പൗരബോധം | രാഷ്ട്രതന്ത്ര ശാസ്ത്രം | 8 |
| | | | **20** |

സാമൂഹ്യശാസ്ത്രം II ലും 40 സ്കോറിനുള്ള ചോദ്യങ്ങളിൽ പാർട്ട് - 'എ' യിൽ 20 സ്കോറും പാർട്ട് - 'ബി' യിൽ 20 സ്കോറും ഉൾപ്പെടുത്തിയിരിക്കുന്നു. നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങൾ പാർട്ട് - 'എ' യിലും തിരഞ്ഞെടുത്തു പഠിക്കേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങൾ പാർട്ട് - 'ബി' യിലും നൽകിയിരിക്കുന്നു.

## സാമൂഹ്യശാസ്ത്രം - II

**പാർട്ട് എ - 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | വൈവിധ്യങ്ങളുടെ ഇന്ത്യ | ഭൂമിശാസ്ത്രം | 7 |
| 2 | ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം | ഭൂമിശാസ്ത്രം | 5 |
| 3 | മാനവവിഭവശേഷി വികസനം ഇന്ത്യയിൽ | സാമ്പത്തികശാസ്ത്രം | 4 |
| 4 | ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും | സാമ്പത്തികശാസ്ത്രം | 4 |
| | | | 20 |

**പാർട്ട് ബി - 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ഋതുഭേദങ്ങളും സമയവും<br>or<br>കാറ്റിന്റെ ഉറവിടം തേടി | ഭൂമിശാസ്ത്രം | 8 |
| 2 | ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും<br>or<br>ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ | ഭൂമിശാസ്ത്രം | 4 |
| 3 | പൊതുചെലവും പൊതുവരുമാനവും<br>or<br>ഉപഭോക്താവ് - സംതൃപ്തിയും സംരക്ഷണവും | സാമ്പത്തിക ശാസ്ത്രം | 8 |
| | ആകെ | | 20 |